ഉത്തരം

(എ-സി) കണ്ണൂർ താപനിലയത്തിന് കേന്ദ്ര വൈദ്യുതി അതോറിറ്റിയുടെ 'സാങ്കേതിക സാമ്പത്തിക' അനുമതിക്കായി സമർപ്പിച്ചിരിക്കുകയാണ്. അനുമതി ലഭിച്ചിട്ടില്ല.

(ഡി) ഉണ്ട്. എൻറോൺ പങ്കാളിത്തം സർക്കാരിന് സ്വീകാര്യമല്ലാതിരുന്നതുകൊണ്ട്.

(ഇ) പ്രകൃതി വാതകം നൽകുന്നതു സംബന്ധിച്ച് കരാർ ആയിട്ടുള്ളതായി അറിയില്ല.

**86 (995) താപ വൈദ്യുത നിലയങ്ങൾ**

<u>ശ്രീ. ജോർജ്. ജെ. മാത്യു</u> :
<u>ശ്രീ. വി.ജെ. പൗലോസ്</u> :
<u>ഡോ. എം.എ. കുട്ടപ്പൻ</u> : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര താപ വൈദ്യുത നിലയങ്ങളുണ്ട്;

(ബി) സ്ഥാപിതശേഷിയുടെ കണക്ക് അനുസരിച്ച് ഓരോ മാസവും എത്ര യൂണിറ്റ് വൈദ്യുതിവീതം ഉല്പാദിപ്പിക്കാമായിരുന്നു;

(സി) താപവൈദ്യുത നിലയങ്ങളുടെ സ്ഥാപിതശേഷി മുഴുവൻ ഉപയോഗിക്കുന്നുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) നാല്.

(ബി) ഉല്പാദിപ്പിക്കാൻ കഴിയുന്ന വൈദ്യുതിയുടെ വിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| 1) ബ്രഹ്മപുരം വൈദ്യുതി നിലയം (പ്രതിമാസശേഷി) | 62.12 മില്യൻ യൂണിറ്റ് |
| 2) കോഴിക്കോട് ഡീസൽ വൈദ്യുതി നിലയം (പ്രതിമാസശേഷി) | 74.75 മില്യൻ യൂണിറ്റ് |
| 3) കായംകുളം (എൻ.ടി.പി.സി) | 144 മില്യൻ യൂണിറ്റ് |
| 4) ബി.എസ്.ഇ.എസ് | 91.5 മില്യൻ യൂണിറ്റ്. |

(നിലയം പൂർണ്ണമായി കമ്മീഷൻ ചെയ്തു കഴിഞ്ഞാൽ)

(സി) ഇല്ല. പ്രവർത്തന മണിക്കൂറനുസരിച്ച് സമയബന്ധിതമായ അറ്റകുറ്റ പണികൾക്ക് വേണ്ടി ജനറേറ്ററുകൾ നിർത്തിവയ്ക്കേണ്ടതിനാലും, വിദ്യുച്ഛക്തിയുടെ ആവശ്യകത അനുസരിച്ച് ലോഡ്ഡെസ്പാച്ച് സെക്ഷന്റെ നിർദ്ദേശപ്രകാരവും സ്ഥാപിതശേഷി മുഴുവൻ വിനിയോഗിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly